©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ജൂലൈ 27
27th July 2026
1201 കർക്കടകം 11
11th Karkadakam 1201
1948 ശ്രാവണം 5
5th Sravana 1948

നമ്പർ
No.
2147

കേരള സർക്കാർ

ആഭ്യന്തര (ഇ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 79/2026/ആഭ്യന്തരം

തിരുവനന്തപുരം, 2026 ജൂലൈ 18
1201 കർക്കടകം 2
1948 ആഷാഢം 27.

എസ്. ആർ. ഒ. നമ്പർ 660/2026

2011-ലെ കേരള പോലീസ് ആക്ടിലെ (2011-ലെ 8) 129-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട്, 2020 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചതും 2020 ഏപ്രിൽ 17-ാം തീയതിയിലെ 1056-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ നമ്പർ 275/2020 ആയി പ്രസിദ്ധീകരിച്ചതുമായ 2020-ലെ കേരള പോലീസ് ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനു വേണ്ടി,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ, ഇതിനായി താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2024-ലെ കേരള പോലീസ് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.- 2020-ലെ കേരള പോലീസ് ചട്ടങ്ങളിൽ,-

(1) 3-ാം ചട്ടത്തിന്റെ മാർജിനൽ ശീർഷകത്തിൽ "ചുമതലപ്പെടുത്തണമെന്ന്" എന്ന വാക്കിന് പകരം "ചുമതലപ്പെടുത്തൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) 4-ാം ചട്ടത്തിന്റെ മാർജിനൽ ശീർഷകത്തിൽ "നൽകണമെന്ന്" എന്ന വാക്കിന് പകരം "നൽകൽ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(3) 6-ാംചട്ടത്തിൽ,-

(i) (2)-ാം ഉപചട്ടത്തിൽ "ട്രാഫിക് കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി" എന്നീ വാക്കുകൾക്ക് മുൻപായി "ആക്ടിലെ 72-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും കൂട്ടിചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപചട്ടത്തിൽ രണ്ടാം വരിയിലെ "പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും" എന്നീ വാക്കുകൾക്ക് പകരം "പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക്" എന്നീ വാക്കുകൾ കൂട്ടി ചേർക്കേണ്ടതാണ്;

(4) 7-ാം ചട്ടത്തിൽ,-

(i) (6)-ാം ഉപചട്ടത്തിൽ,-

(എ) ഇനം എ-യിൽ "ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആധികാരികമായ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഉൾപ്പെടുത്തേണ്ടതുമാണ്" എന്നീ വാക്കുകളും ചിഹ്നങ്ങളും കൂട്ടി ചേർക്കേണ്ടതാണ്;

(ബി) ഇനം ബി-യിൽ "പരിശീലനം നടത്തുന്നതിനുള്ള യോഗ്യത" എന്നീ വാക്കുകൾക്കു ശേഷം "ആധികാരികമായ തിരിച്ചറിയൽ രേഖയുടെ പകർപ്പ്" എന്നീ വാക്കുകളും ചിഹ്നവും കൂട്ടി ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (7)-ാം ഉപചട്ടത്തിന് ശേഷം താഴെപ്പറയുന്ന ഉപചട്ടം കൂട്ടി ചേർക്കേണ്ടതാണ്, അതായത് :-

"(8) കായിക പരിശീലനം നടത്തുന്ന ഏതൊരു സ്ഥലത്തും ആക്ടിന്റെ 73-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പ്രവേശിക്കുന്ന ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, പ്രസ്തുത സന്ദർശനവേളയിൽ, 7-ാം ചട്ടം (6)-ാം ഉപചട്ടം ഇനം 'എ' മുതൽ 'ഇ' വരെ നിഷ്കർഷിച്ചിരിക്കുന്ന രജിസ്റ്ററുകൾ പരിശോധിക്കുന്നതിനും ആയതിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്."

(5) 9-ാം ചട്ടത്തിന്റെ നിലവിലുള്ള മാർജിനൽ ശീർഷകത്തിന് പകരം "പോലീസ് അസോസിയേഷനുകളുടെ പ്രവർത്തനം" എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്.

(6) 10-ാം ചട്ടത്തിന് പകരം താഴെ പറയുന്ന ചട്ടം കൂട്ടി ചേർക്കേണ്ടതാണ്, അതായത് :-

10. കുറ്റങ്ങൾ രാജിയാക്കൽ.- ആക്ട് പ്രകാരമുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് താഴെപറയുന്ന കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്, അതായത് :-

വകുപ്പ്	കുറ്റം	കോമ്പൗണ്ടിംഗ് ഫീസ് (രൂപ)	രാജിയാക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ
(1)	(2)	(3)	(4)
117(എ)	പോലീസ് സേനയിലെ ഏതൊരംഗത്തെയും അയാളുടെ സേവനങ്ങളെ തടയുന്നതിനോ അച്ചടക്കലംഘനം നടത്തുന്നതിനോ പ്രേരിപ്പിക്കുക	15000	ജില്ലാ പോലീസ് മേധാവി
117(ബി)	പോലീസിന്റേതായ ഏതെങ്കിലും ചുമതലയോ അധികാരമോ നിയമവിരുദ്ധമായി ഏറ്റെടുക്കുക	15000	ജില്ലാ പോലീസ് മേധാവി
117(സി)	നിർദോഷമായി വിനോദ ആവശ്യത്തിനൊഴികെ പോലീസ് ഉദ്യോഗസ്ഥനായി ആൾമാറാട്ടം	15000	ജില്ലാ പോലീസ് മേധാവി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	നടത്തുക		
117(ഡി)	ഒരു അന്വേഷണത്തിലോ യഥാവിധിയായ പോലീസിന്റെ കൃത്യനിർവ്വഹണത്തിലോ സാരവത്തായ വിവരങ്ങളിൽ പോലീസ് അന്വേഷണത്തെ വഴി തെറ്റിക്കുക എന്ന ഉദ്ദേശ്യത്തോടെ തെറ്റായ സ്റ്റേറ്റ്മെന്റ് മനഃപൂർവ്വം ഒരു പോലീസ് ഉദ്യോഗസ്ഥന് നൽകുക	15000	ജില്ലാ പോലീസ് മേധാവി
117(ഇ)	ഒരു പോലീസ് ഉദ്യോഗസ്ഥനെ ഏതെങ്കിലും കൃത്യനിർവ്വഹണത്തിൽ നിന്നും തടയണമെന്ന പ്രത്യക്ഷമായ ഉദ്ദേശ്യത്തോടെ ഭീഷണിപ്പെടുത്തുക അല്ലെങ്കിൽ തടയുക അല്ലെങ്കിൽ കയ്യേറ്റം ചെയ്യുക	20000	ജില്ലാ പോലീസ് മേധാവി
118(എ)	പൊതുസ്ഥലത്ത് ലഹരിക്കടിമപ്പെട്ട നിലയിലോ ലഹളയുണ്ടാക്കുന്നവനായോ സ്വയം തന്നെ ശ്രദ്ധിക്കാൻ അശക്തനായോ കാണപ്പെടുക	2000	ജില്ലാ പോലീസ് മേധാവി
118(ബി)	അറിഞ്ഞു കൊണ്ട് പോലീസിനെയോ ഫയർ സർവ്വീസിനെയോ മറ്റേതെങ്കിലും അവശ്യസർവ്വീസിനെയോ വഴി തെറ്റിക്കാൻ കിംവദന്തി പരത്തുകയോ, വ്യാജമായി അപകടസൂചന നൽകുകയോ ചെയ്യുക	20000	ജില്ലാ പോലീസ് മേധാവി
118(സി)	അറിഞ്ഞു കൊണ്ടും മനപൂർവ്വമായും പൊതുജനങ്ങൾക്കിടയിൽ പൊതു	10000	ജില്ലാ പോലീസ് മേധാവി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	പരിഭ്രാന്തിയുണ്ടാക്കുവാനായി ഒരു അവശ്യ സർവ്വീസിന് കേട് വരുത്തുക		
118(ഇ)	അറിഞ്ഞുകൊണ്ട് പൊതുജനങ്ങൾക്ക് അപായമുണ്ടാക്കുന്നതോ പൊതു സുരക്ഷയിൽ വീഴ്ചയുണ്ടാക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുക	10000	ജില്ലാ പോലീസ് മേധാവി
118(എഫ്)	നിയമാനുസൃതം അങ്ങനെ ചെയ്യാൻ അധികാരപ്പെടുത്താതെ സ്ഫോടക വസ്തുക്കളോ അപകടകരമായ പദാർത്ഥങ്ങളോ കടത്തിക്കൊണ്ടുപോകുക	10000	ജില്ലാ പോലീസ് മേധാവി
118(ജി)	ഒരു ഗ്രണ്ടയോ റൗഡിയോ ആയിരിക്കെ 2007-ലെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിൽ (2007-ലെ 34) നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും സാമൂഹ്യ വിരുദ്ധ പ്രവർത്തനം സുസാദ്ധ്യമാക്കുന്നതിനായി സമീപപ്രദേശത്ത് ഏതെങ്കിലും കുറ്റകൃത്യത്തിന് ഉപയോഗിക്കാൻ ഉപയുക്തമായ സാമഗ്രികൾ കൈവശം വച്ചു കൊണ്ട് സംശയാസ്പദമായ സാഹചര്യങ്ങളിൽ ഒരു പൊതുസ്ഥലത്ത് കാണപ്പെടുക	10000	ജില്ലാ പോലീസ് മേധാവി
118(എച്ച്)	73-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ, അതിന് വിരുദ്ധമായി കായിക പരിശീലനം നൽകുകയോ, നടത്തുകയോ ചെയ്യുക	5000	ജില്ലാ പോലീസ് മേധാവി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

118(ഐ)	പതിനെട്ട് വയസ്സിൽ താഴെയുള്ളവർക്ക് ലഹരി പദാർത്ഥങ്ങളോ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളോ പദാർത്ഥങ്ങളോ നൽകുകയോ വിൽക്കുകയോ അതിനായി സ്കൂൾ പരിസരത്ത് സംഭരിക്കുകയോ ചെയ്യുക	10000	ജില്ലാ പോലീസ് മേധാവി
119(2)	ബന്ധപ്പെട്ട സേവന ദാതാവിനോടോ, പൊതു സ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോടോ അവരുടെ സാന്നിദ്ധ്യത്തിൽ 119-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം നടന്നുവെന്ന് പ്രസ്തുത കുറ്റത്തിനിരയായ സ്ത്രീ പരാതിപ്പെടുകയാണെങ്കിൽ അവർ തത്സമയം കുറ്റകൃത്യം തടയുവാനോ അല്ലെങ്കിൽ അതിനെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനോ ന്യായമായ നടപടി സ്വീകരിക്കാതെ ബോധ പൂർവ്വം വീഴ്ച വരുത്തുകയും ചെയ്യുക	1000	ജില്ലാ പോലീസ് മേധാവി
120(എ)	ഒരു പൊതുസ്ഥലത്ത്, പൊതുജനങ്ങൾക്ക് അസഹ്യതയോ അസൗകര്യമോ ഉണ്ടാക്കിക്കൊണ്ട് ഫർണിച്ചർ സാധനങ്ങളോ വാഹനമോ വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ കശാപ്പ് ചെയ്യുകയോ ശവം	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	വൃത്തിയാക്കുകയോ ഏതെങ്കിലും മൃഗത്തെ പരിപാലിക്കുകയോ ചെയ്യുക		
120(ബി)	പൊതുജനത്തിന് തടസ്സമോ അസൗകര്യമോ അപായമോ ഉണ്ടാക്കുന്ന രീതിയിൽ ഏതെങ്കിലും വാഹനത്തേയോ ഗതാഗത ഉപാധിയേയോ നിലകൊള്ളാൻ കാരണമാവുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(സി)	ഒരു ട്രാഫിക്ക് ചിഹ്നത്തെയോ സൈൻ ബോർഡിനേയോ അതിന്റെ ദൃശ്യത്തെയോ പാരായണ ക്ഷമതയെയോ കുറച്ചുകൊണ്ട് വികൃതമാക്കുകയോ മറയ്ക്കുകയോ ചെയ്യുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(ഡി)	ഉടമസ്ഥന്റേയോ സൂക്ഷിപ്പുകാരന്റെയോ മുൻകൂർ അനുവാദമില്ലാതെ ഭിത്തികൾ, കെട്ടിടങ്ങൾ അല്ലെങ്കിൽ മറ്റു നിർമ്മിതികൾ എന്നിവയെ വികൃതമാക്കുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(ഇ)	ജലസ്രോതസ്സുകളേയോ ജല വിതരണത്തേയോ മലിനമാക്കുകയോ പൊതു ശുചീകരണ നപടികളെ തടസ്സപ്പെടുത്തുകയോ പൊതു സ്ഥലങ്ങൾ വൃത്തി ഹീനമാക്കുകയോ നിയമ വിരുദ്ധമായി പരിസ്ഥിതിക്ക് സാരമായ കേടുണ്ടാക്കുകയോ ചെയ്യുക	3000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(എഫ്)	ഒരു സർക്കാർ കെട്ടിടത്തിലോ	1000	സ്റ്റേഷൻ ഹൗസ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	സർക്കാർ ഭൂമിയിലോ അതിക്രമിച്ചു കടക്കുക		ഓഫീസർ/സബ് ഇൻസ്പെക്ടർ
120(ജി)	മോട്ടോർ ഘടിപ്പിക്കാത്ത ഏതൊരു വാഹനവും സൂര്യാസ്തമയത്തിന് അര മണിക്കൂറിന് ശേഷവും സൂര്യോദയത്തിന് ഒരു മണിക്കൂറിന് മുൻപും ഉള്ള ഏതൊരു സമയത്തും ആവശ്യമായ വെളിച്ചമില്ലാതെ ഓടിച്ചുകൊണ്ടോ വലിച്ചുകൊണ്ടോ തള്ളിക്കൊണ്ടോ പോവുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(എച്ച്)	വ്യതിചലനത്തിന് യഥാർത്ഥമായ ആവശ്യമോ തക്കതായ കാരണമോ ഇല്ലാതെ മോട്ടോർ ഘടിപ്പിക്കാത്ത ഏതെങ്കിലും വാഹനം തെരുവിൽ ഓടിച്ചോ വലിച്ചു കൊണ്ടോ തള്ളിക്കൊണ്ടോ പോകുമ്പോൾ,– i) മറ്റേതെങ്കിലും വാഹനത്തെ മറികടന്നു പോകുമ്പോൾ അതിന്റെ വലതു ഭാഗത്തിലൂടെയും ii) മറ്റേതെങ്കിലും വാഹനം എതിരെ വരുമ്പോൾ തെരുവിന്റെ ഇടതുവശം ചേർന്നും, പോകാതിരിക്കുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(ഐ)	വാഹനത്തിന്റെയോ വാഹനങ്ങളുടെയോ മുന്നിൽ നിന്നും അല്ലെങ്കിൽ പിന്നിൽ നിന്നും അഞ്ച് അടി കവിഞ്ഞ് തള്ളി നിൽക്കുന്ന ഏതെങ്കിലും സാധനം വെച്ചിട്ടുള്ള വാഹനമോ വാഹനങ്ങളോ തെരുവിലൂടെ കടത്തുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(ജെ)	ഏതെങ്കിലും മൃഗത്തെയോ വാഹനത്തെയോ ഓടിക്കുന്നതിലോ	2000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	നോക്കി നടത്തുന്നതിലോ ശ്രദ്ധിക്കുന്നതിലോ സംഭവിച്ച എന്തെങ്കിലും ഉദാസീനത മൂലമോ തെറ്റായ ഉപയോഗം മൂലമോ എന്തെങ്കിലും പരിക്കോ കേടുപാടോ ഉണ്ടാകുക		
120(കെ)	പൊതുസ്ഥലത്ത് മറ്റുള്ളവർക്ക് ശല്യമുണ്ടാക്കുന്ന വിധം ബോധ പൂർവ്വം മലമൂത്രവിസർജ്ജനം ചെയ്യുക	500	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(എൽ)	തന്റെ കരുതലിലോ നിയന്ത്രണത്തിലോ ഉള്ളതും അരുമയായി വളർത്തുന്നതുമായ മൃഗങ്ങളെ തക്കതായി ശ്രദ്ധിക്കാതിരിക്കുകയും അയൽ വാസികൾക്കോ പൊതുജനങ്ങൾ ക്കോ അസൗകര്യങ്ങൾ ഉണ്ടാക്കുന്ന വിധം അവയെ അലക്ഷ്യമായി വിടുകയും ചെയ്യുക	500	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(എം)	ഉടമസ്ഥന്റെ അറിവും സമ്മതവുമില്ലാതെ പ്രകടമായി പതിനാല് വയസ്സിന് താഴെയുള്ള കുട്ടികളിൽ നിന്നും ആഭരണം, വാച്ച്, പേന, സൈക്കിൾ, പാത്രം അല്ലെങ്കിൽ വിലപിടിപ്പുള്ള മറ്റു സാധനം എന്നിവ വാങ്ങുകയോ അത്തരം ആളിൽ നിന്ന് ഏതെങ്കിലും സാധനം പണയത്തിന്മേലോ ഈടിന്മേലോ എടുക്കുകയോ ചെയ്യുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(എൻ)	വേണ്ടത്ര മുൻകരുതലില്ലാതെയും പൊതു സുരക്ഷ	2000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	കണക്കിലെടുക്കാതെയും അയാൾക്ക് നിയന്ത്രണമുള്ള സ്ഥലത്തോ പരിസരത്തോ അപകടകരമായ എന്തെങ്കിലും പ്രവർത്തി ചെയ്യുകയോ ചെയ്യാൻ അനുവദിക്കുകയോ ചെയ്യുക		
120(ഒ)	ഏതെങ്കിലും തരത്തിലുള്ള വിനിമയോപാധിയിലൂടെ ആവർത്തിച്ചുള്ളതോ അനഭിമതമായതോ അജ്ഞാതമായതോ ആയ വിളി, കത്ത്, എഴുത്ത്, സന്ദേശം, ഇ-മെയിൽ എന്നിവ വഴിയോ ദൂതൻ വഴിയോ സ്വയം ഏതെങ്കിലും ഒരാളിന് ശല്യമായി തീരുക	2000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(പി)	ഏതെങ്കിലും പൊതുസ്ഥലത്ത് പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും സേവനം ക്രമപ്രകാരം കൊടുക്കുവാനോ സ്വീകരിക്കുവാനോ ഉപയോഗിക്കുവാനോ വേണ്ടി രൂപീകരിച്ച ഏതെങ്കിലും കൂട്ടം തെറ്റിക്കുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
120(ക്യൂ)	മാനനഷ്ടമുണ്ടാക്കുന്നതോ ഭീഷണിപ്പെടുത്തുന്നതോ ആയ ഏതെങ്കിലും രേഖ രചയിതാവിന്റെ തിരിച്ചറിയൽ മറച്ചു വെച്ച് എവിടെയെങ്കിലും ഒട്ടിച്ചു വെയ്ക്കുകയോ പതിക്കുകയോ ചെയ്യുക	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ
121	ഈ ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയോ ഉത്തരവിലെയോ	1000	സ്റ്റേഷൻ ഹൗസ് ഓഫീസർ/സബ് ഇൻസ്പെക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

	വ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ചെയ്യുക		

(7) 12-ാം ചട്ടത്തിൽ,-

(i) (1)-ാം ഉപചട്ടത്തിൽ, "പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ മറ്റു വിധത്തിൽ കുറ്റാരോപിതന് പട്ടിക സി പ്രകാരം അങ്ങനെയുള്ള കുറ്റങ്ങൾ രാജിയാക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ മുഖേനയോ ജില്ലാ പോലീസ് മേധാവിക്ക് ലഭിക്കുന്ന വിധത്തിലോ, കുറ്റങ്ങൾ രാജിയാക്കുന്നതിന് കുറ്റാരോപിതന് പട്ടിക സി പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾ കൂട്ടി ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപചട്ടത്തിന് ശേഷം താഴെപ്പറയുന്ന ഉപചട്ടങ്ങൾ കൂട്ടി ചേർക്കേണ്ടതാണ്, അതായത് :-

"(4) അങ്ങനെയുള്ള രാജിയാക്കൽ തുക ടി.ആർ. 5 രസീത് മുഖേന കുറ്റാരോപിതനിൽ നിന്നും ഈടാക്കി കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. പ്രസ്തുത തുക ഓൺലൈൻ മുഖേനയും അടക്കാവുന്നതാണ്.

(5) അങ്ങനെയുള്ള രാജിയാക്കൽ തുക എത്രയും പെട്ടെന്ന് നിർദ്ദിഷ്ട ശീർഷകത്തിൻ കീഴിൽ വരവ് വച്ചുകൊണ്ട് 'ക്രിമിനൽ ജസ്റ്റിസ് മിസലേനിയസ് എക്സ്പെൻസസ് ഫണ്ട്' ൽ അടക്കേണ്ടതാണ്".

(8) 13-ാംചട്ടത്തിൽ,-

(i) (2)-ാം ഉപചട്ടത്തിൽ "ഒരു പ്രാഥമിക അന്വേഷണ റിപ്പോർട്ട് രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾക്ക് ശേഷം "അങ്ങനെയുള്ള സാഹചര്യങ്ങളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് പട്ടിക ബി അനുസരിച്ചുള്ള നോട്ടീസ് കുറ്റാരോപിതന് നൽകുകയോ അല്ലെങ്കിൽ ഒരു പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (3)-ാം ഉപചട്ടത്തിൽ "അയക്കേണ്ടതാണ്" എന്ന വാക്കിനു പകരം "അയയ്ക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(9) 14-ാം ചട്ടത്തിന്റെ നിലവിലെ മാർജിനൽ ശീർഷകത്തിന് പകരം "രാജിയാക്കലിനെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കൽ" എന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്.

(10) അനുബന്ധത്തിൽ, -

(എ) ഫാറം 1-ൽ,-

(i) സ്റ്റേഷൻ ഹൗസ് ഓഫീസർ ഒപ്പ് വക്കുന്നത്തിനുള്ള സ്ഥലത്ത് "പോലീസ് സ്റ്റേഷന്" എന്നീ വാക്കുകൾക്ക് പകരം "പോലീസ് സ്റ്റേഷൻ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) സാക്ഷ്യപത്രത്തിൽ "ഉത്തമവിശ്വസത്തിലുംപ്പെട്ടിടത്തോളം" എന്ന വാക്കിന് പകരം "ഉത്തമവിശ്വാസത്തിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) ഫാറം 3-ൽ ,-

(i) ഇനം 6-ൽ "താൽക്കാലിക മേൽവിലാസം" എന്നീ വാക്കുകൾക്ക് പകരം "താൽക്കാലിക മേൽവിലാസവും ബന്ധപ്പെടേണ്ട ഫോൺ നമ്പറും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ഇനം 9-ൽ "കായിക പരിശീലനം നൽകുന്നതിന് യോഗ്യതകൾ ലഭിച്ചിട്ടുള്ള പേരുകൾ (യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ഇതോടൊപ്പം ചേർക്കേണ്ടതാണ്)" എന്നീ വാക്കുകൾക്ക് പകരം "കായിക പരിശീലനം നൽകുന്നതിന് യോഗ്യതകൾ ലഭിച്ചിട്ടുള്ള പരിശീലകരുടെ വിവരങ്ങൾ (തിരിച്ചറിയൽ രേഖയുടെ പകർപ്പ്, യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് എന്നിവ ഇതോടൊപ്പം ചേർക്കേണ്ടതാണ്)" എന്നീ വാക്കുകൾ കൂട്ടി ചേർക്കേണ്ടതാണ്.

(സി) ഫാറം 4-ൽ ഇനം 8-ൽ "കൂടുതലായി ഉൾപ്പെടുത്തിയ പരിശീലകർ" എന്നീ വാക്കുകൾക്ക് പകരം "കൂടുതലായി/പുതുതായി ഉൾപ്പെടുത്തിയ പരിശീലകരുടെ വിവരങ്ങൾ (തിരിച്ചറിയൽ രേഖയുടെ പകർപ്പ്, യോഗ്യതാ സാക്ഷ്യപത്രങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് എന്നിവ ഇതോടൊപ്പം ചേർക്കേണ്ടതാണ്)" എന്നീ വാക്കുകൾ കൂട്ടി ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) പട്ടിക ബി-യിൽ 'പട്ടിക ബി' '(11-ാം ചട്ടം (1)-ാം ഉപചട്ടം കാണുക)' എന്ന ശീർഷകത്തിന് ചുവടെ 'നോട്ടീസ്' എന്ന ശീർഷകം കൂട്ടി ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2023-2026)-യുടെ 27-ാമത് റിപ്പോർട്ടിൽ എസ്. ആർ. ഒ. നമ്പർ 275/2020 ആയി പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള പോലീസ് ചട്ടങ്ങൾ സംബന്ധിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ 2020-ലെ കേരള പോലീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.27 06:48:20 +05:30